**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : T 2207** **08.03.2017 - ൽ മറുപടിക്ക്**

# ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ കേരളത്തിൽ എത്ര എണ്ണം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്; | (എ) | ഉണ്ട്. സംസ്ഥാനത്തുടനീളം 24 ഇ-ത്രിവേണി സ്റ്റേഷനറി സെന്ററുകൾ കൂടി ആരംഭിയ്ക്കുന്നതിനാണ് ഫെഡറേഷൻ തീരുമാനിച്ചിട്ടുള്ളത്. നിലവിൽ നാല് ഇ-ത്രിവേണി സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ ഇ-ത്രിവേണി സ്റ്റേഷണറി സെന്റർ തുടങ്ങുന്നതിന് തീരുമാനമുണ്ടോ; | (ബി) | ഉണ്ട്. പാലക്കാട് ജില്ലയിൽ ആലത്തൂർ ത്രിവേണിയോടനുബന്ധിച്ച് ഇ-ത്രിവേണി സ്റ്റോർ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ത്രിവേണി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന സംരംഭങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | എല്ലാവിധ ഓഫീസ് സ്റ്റേഷനറി, കമ്പ്യൂട്ടർ സ്റ്റേഷനറി, ഹൗസ് ഹോൾഡ്, ഇലക്ട്രിക്കൽ ഇനങ്ങൾ എന്നിവ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, മറ്റ് പൊതുമേഖല സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി കൺസ്യൂമർഫെഡ് രൂപം നൽകിയിട്ടുള്ള വിഭാഗമാണ് ഇ-ത്രിവേണി. സംസ്ഥാനത്ത് ഇപ്പോൾ തിരുവനന്തപുരം (2), കൊല്ലം (1), എറണാകുളം (1) എന്നീ ജില്ലകളിലായി നാല് ഇ-ത്രിവേണികൾ പ്രവർത്തിച്ചു വരുന്നു. നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ ഇ-ത്രിവേണികൾ വഴി സർക്കാർ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും മറ്റ് പൊതുമേഖല സ്ഥാപനങ്ങൾക്കും ചുരുങ്ങിയ ചെലവിൽ ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ലഭ്യമാക്കും. |

Renji

സെക്ഷൻ ഓഫീസർ